## വനിത ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ
## (ഹാജർ -പ്രിയങ്ക.ജി ഐഎഎസ്)

വിഷയം - വനിതശിശുവികസനവകുപ്പ് -ജീവനക്കാര്യം- സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം-അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം- 1. വനിത ശിശു വികസന ഡയറക്ടറുടെ 19/03/2022 തീയതിയിലെ E7/ 13023/20 നമ്പർ നടപടിക്രമങ്ങൾ

2. വനിത ശിശു വികസന ഡയറക്ടറുടെ 30/06/2022 തീയതിയിലെ DWCD/2553/2022-E7 നമ്പർ ഉത്തരവ്.
3. വനിത വികസന ഡയറക്ടറുടെ 04.02.2021 തീയതിയിലെ WCD/E8-12035/20 നമ്പർ ഉത്തരവ്.
4. വനിത ശിശു വികസന ഡയറക്ടറുടെ 10.11.2021 തീയതിയിലെ WCD/E4/18182/21 നമ്പർ ഉത്തരവ്
5. വനിത ശിശു വികസന ഡയറക്ടറുടെ 20.06.2022 തീയതിയിലെ DWCD/2205/2022-E1 നമ്പർ പരിപത്രം

**ഉത്തരവ് നമ്പർ DWCD/2589/2022-E4** **തീയതി 02/07/2022**

വനിത ശിശു വികസന വകുപ്പിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ നിന്നും ഹെഡ് അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് പരാമർശം(1),(2)പ്രകാരം ഉദ്യോഗക്കയറ്റം അനുവദിച്ചത് മുഖേനെ വകുപ്പിൽ സീനിയർ ക്ളർക്ക് തസ്തികയിൽ 14 ഒഴിവ് നിലവിൽ വന്നിട്ടുണ്ട്. കൂടാതെ വകുപ്പിൽ സീനിയർ ക്ളർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി സിന്ധു.യു.കെ, 28/12/2021 തീയതിയിൽ വകുപ്പിൽ നിന്നും വിടുതൽ ചെയ്യത് മുഖേനെയും, സീനിയർക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ നന്ദകുമാർ.എം, ശ്രീ ശങ്കര നാരായണൻ എന്നിവർ 31/03/2022 തീയതിയിലും ശ്രീ അബ്ദുൾ കരീം, ശ്രീമതി ബീന.എം.എൻ എന്നിവർ 31/05/2022 തീയതിയിലും വിരമിച്ചത് മുഖേനെയും 5 ഒഴിവുകൾ നിലവിൽ വന്നിട്ടുണ്ട്.

സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി മായ.എസ്.പണിക്കർക്ക് വുമൺ പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയിൽ താൽക്കാലിക നിയമനം ലഭിച്ചത് മുഖേന സീനിയർ ക്ലാർക്ക് തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വന്നിട്ടുണ്ട് . ഇപ്രകാരം സീനിയർ ക്ലർക്ക് തസ്തികയിൽ ആകെ 20 ഒഴിവുകൾ നിലവിലുണ്ട്. ആയതിൽ ഒരു ഒഴിവ് യു.ഡി ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും സീനിയർ ക്ലർക്ക് തസ്തികയിലേയ്ക്ക് തസ്തിക മാറ്റ നിയമനത്തിനായി നീക്കി വയ്ക്കേണ്ടതുണ്ട്. 19 ഒഴിവുകളിലേയ്ക്ക് പരാമർശം (3) പ്രകാരമുള്ള ക്ലാർക്ക്/ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികയിലെ ജീവനക്കാരുടെ മുൻഗണന പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതും ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് യോഗ്യത നേടിയിട്ടുള്ളതുമായ ചുവടെ ചേർത്തിരിക്കുന്ന ജീവനക്കാർക്കും, പരാമർശം (4) ഉത്തരവ് പ്രകാരം ഒഴിവിന്റെ അഭാവത്തിൽ സീനിയർ ക്ലർക്ക് തസ്തികയിൽ നിന്നും ക്ലർക്ക് തസ്തികയിലേയ്ക്ക് റിവേർട്ട് ചെയ്ത ശ്രീമതി വിനിത കൃഷ്ണനും(സീനിയോറിറ്റി ലിസ്റ്റ് ക്രമ നം-54) ഉദ്യോഗക്കയറ്റം ലഭിയ്ക്കുന്നതിന് അർഹതയുണ്ട്.

ഈ സാഹചര്യത്തിൽ ചുവടെ ചേർത്തിരിക്കുന്ന ജീവനക്കാർക്ക് കെ.എസ്&എസ്.എസ്.ആർ ചട്ടം28 എ(1) പ്രകാരം 35600-75400 രൂപ ശമ്പള സ്കെയിലിൽ സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് ഉദ്യോഗ കയറ്റം അനുവദിച്ചും അവരുടെ പേരിനു നേരെ ചേർത്തിട്ടുള്ള കാര്യാലയങ്ങളിൽ നിയമിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | ജീവനക്കാരുടെ പേര്, തസ്തിക, നിലവിൽ സേവനമനുഷ്ഠിക്കുന്ന കാര്യാലയം | സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നമ്പർ | സീനിയർ ക്ലാർക്ക് തസ്തികയിൽ ഉദ്യോഗകയറ്റം നൽകി നിയമിക്കുന്ന കാര്യാലയം | അഭിപ്രായം |
|---|---|---|---|---|
| 1 | ശ്രീമതി ജിഷ.പി.എസ് ക്ലർക്ക് പ്രോഗ്രാംഓഫീസ്, വയനാട് | 25 | ഐ.സി.ഡി.എസ് പേരാമ്പ്ര | 2021 ജൂലൈയിൽ നടന്ന അക്കൗണ്ട് ടെസ്റ്റ് പാസ്സായിട്ടുണ്ട് |
| 2 | ശ്രീമതി ഗ്രേസ്.ജെ ക്ലർക്ക് ടൈപ്പിസ്റ്റ് ഐ.സി.ഡി.എസ് തിരുവനന്തപുരം അർബൻ 3 | 29 | പ്രോഗ്രാം ഓഫീസ്, തിരുവനന്തപുരം | 26/04/2022 തീയതിയിൽ 50വയസ്സ് പൂർത്തിയായിട്ടുണ്ട് |
| 3 | ശ്രീമതി വിനിത കൃഷ്ണൻ ക്ലർക്ക് ഗവൺമെന്റ് ചിൽഡ്രൻസ് ഹോം തൃശ്ശൂർ | 54 | ഐ.സി.ഡി.എസ് ചാവക്കാട് | |
| 4 | ശ്രീ കബീർകുട്ടി ക്ലാർക്ക് ഐ.സി.ഡി.എസ് മുഖത്തല അഡീഷണൽ | 55 | പ്രോഗ്രാം ഓഫീസ്, കോഴിക്കോട് | 50വയസ്സ് പൂർത്തിയായിട്ടുണ്ട് |
| 5 | ശ്രീമതി മഞ്ജു.എം.കെ ക്ലാർക്ക് ടൈപ്പിസ്റ്റ് ഐ.സി.ഡി.എസ് അങ്കമാലി അഡീഷണൽ | 56 | ഐ.സി.ഡി.എസ് വാഴക്കുളം അഡീഷണൽ | |
| 6 | ശ്രീമതി ധന്യ രവി കുമാർ ക്ലർക്ക് ഐ.സി.ഡി.എസ് പട്ടണക്കാട് | 57 | പ്രോഗ്രാം ഓഫീസ്, കോട്ടയം | |
| 7 | ശ്രീ ശിവ ദാസൻ.കെ.കെ ക്ലർക്ക് ടൈപ്പിസ്റ്റ് ഐ.സി.ഡി.എസ് പുഴയ്ക്കൽ അഡീഷണൽ | 58 | ഐ.സി.ഡി.എസ് പെരുമ്പടപ്പ് | 50വയസ്സ് പൂർത്തിയായിട്ടുണ്ട് |
| 8 | ശ്രീ രഘു.എൻ.വി ക്ലർക്ക് ടൈപ്പിസ്റ്റ് ഐ.സി.ഡി.എസ് ചിറ്റൂർ അഡീഷണൽ | 59 | ഐ.സി.ഡി.എസ് നിലമ്പൂർ അഡീഷണൽ | |
| 9 | ശ്രീമതി മിസ്സി മോൾ.കെ.എം ക്ലർക്ക് ഐ.സി.ഡി.എസ് കഞ്ഞിക്കുഴി അഡീഷണൽ | 61 | ഐ.സി.ഡി.എസ് വണ്ടൂർ | |

| | | | | |
|---|---|---|---|---|
| 10 | ശ്രീമതി സുനിത.വി.വി<br>ക്ലർക്ക് ടൈപ്പിസ്റ്റ്<br>ഐ.സി.ഡി.എസ്<br>അടിമാലി | 62 | ജില്ലാ വനിത ശിശു<br>വികസന ഓഫീസ്,<br>ഇടുക്കി | |
| 11 | ശ്രീ ദിലീപ്.കെ<br>ക്ലർക്ക് ടൈപ്പിസ്റ്റ്<br>ഐ.സി.ഡി.എസ്<br>കാഞ്ഞങ്ങാട്<br>അഡീഷണൽ | 63 | ഐ.സി.ഡി.എസ്<br>കാറടുക്ക<br>അഡീഷണൽ | |
| 12 | ശ്രീ ജിതിൻ മോഹൻ<br>ക്ലർക്ക്<br>ഐ.സി.ഡി.എസ് ഓച്ചിറ | 64 | വനിത ശിശു<br>വികസന<br>ഡയറക്ടറേറ്റ് | |
| 13 | ശ്രീ വിഷ്ണു .യു .പി<br>ക്ലർക്ക്<br>ഐ.സി.ഡി.എസ്<br>നെടുമങ്ങാട് | 67 | ഐ.സി.ഡി.എസ്<br>തിരുവനന്തപുരം<br>അർബൻ 3 | |
| 14 | ശ്രീമതി മഞ്ജുഷ .എൻ .പി<br>ക്ലർക്ക്<br>ഐ.സി.ഡി.എസ്<br>മൂവാറ്റുപുഴ അഡീഷണൽ | 68 | ചിൽഡ്രൻസ് ഹോം<br>ഗേൾസ്,<br>കോഴിക്കോട് | |
| 15 | ശ്രീമതി ബിന്ദു.കെ. ബി<br>ക്ലർക്ക്<br>ഐ.സി.ഡി.എസ്<br>സുൽത്താൻബത്തേരി<br>അഡീഷണൽ | 71 | ജില്ലാ വനിത ശിശു<br>വികസന ഓഫീസ്,<br>കണ്ണൂർ | |
| 16 | ശ്രീ പ്രതീഷ്. പി .എസ്<br>ക്ലർക്ക്<br>വനിത ശിശുവികസന<br>ഡയറക്ടറേറ്റ് | 73 | വനിത ശിശു<br>വികസന<br>ഡയറക്ടറേറ്റ് | |
| 17 | ശ്രീമതി ഷെറീന .യു<br>ക്ലർക്ക്<br>ഐ.സി.ഡി.എസ് മലമ്പുഴ | 75 | ഐ.സി.ഡി.എസ്<br>ഇരിട്ടി<br>അഡീഷണൽ | |
| 18 | ശ്രീ നിതിൻ .പി<br>ക്ലർക്ക്<br>ഐ.സി.ഡി.എസ് താനൂർ | 76 | ഐ.സി.ഡി.എസ്<br>തലശ്ശേരി | |
| 19 | ശ്രീമതി സന്ധ്യ .എസ്<br>ക്ലർക്ക്<br>വുമൺ പ്രൊട്ടക്ഷൻ<br>ഓഫീസ്, പാലക്കാട് | 77 | ഐ.സി.ഡി.എസ്<br>തളിപ്പറമ്പ്<br>അഡീഷണൽ 1 | |

ക്രമ നമ്പർ 6, ശ്രീമതി ധന്യ രവി കുമാർ, എസ്.സി വിഭാഗത്തിൽ പെട്ട ജീവനക്കാരിയായതിനാൽ നിർബന്ധിത ടെസ്റ്റ് യോഗ്യതകൾ നേടുന്നതിൽ നിന്ന് താൽക്കാലികമായി ഒഴിവാക്കി കെ.എസ് & എസ്.എസ്.ആർ ചട്ടം 13 എ(1) (എ) പ്രകാരം താൽക്കാലികമായിട്ടാണ് സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് ഉദ്യോഗ കയറ്റം അനുവദിച്ചിട്ടുള്ളത് .ഈ ജീവനക്കാരി ഈ ഉത്തരവ് തീയതി മുതൽ മൂന്ന വർഷ കാലയളവിനുള്ളിൽ സീനിയർ ക്ലാർക്ക് തസ്തികയ്ക്ക് ആവശ്യമായ ടെസ്റ്റ് യോഗ്യത നേടേണ്ടതാണ് .നിശ്ചിത കാലയളവിനുള്ളിൽ ടെസ്റ്റ് യോഗ്യത നേടാത്ത പക്ഷം ടിയാനെ ക്ലാർക്ക് തസ്തികയിലേയ്ക്ക് തരം താഴ്ത്തുന്നതാണ് .താൽക്കാലിക ഉദ്യോഗ കയറ്റം നൽകിയത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ കാര്യാലയ മേധാവി ജീവനക്കാരിയുടെ സേവന പുസ്തകത്തിൽ നിർബന്ധമായും വരുത്തേണ്ടതാണ് .

വകുപ്പിലെ ജീവനക്കാരുടെ 2022 ലെ പൊതു സ്ഥലം മാറ്റത്തിനുള്ള നടപടികൾ ആരംഭിക്കുകയും ജീവനക്കാർക്ക് അപേക്ഷ സമർപ്പിക്കുന്നതിനും മറ്റ് നടപടി ക്രമങ്ങൾക്കുമായി പരാമർശം(5) പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങളും സമയക്രമവും നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ മേൽ പരാമർശിക്കുന്ന പ്രകാരം സീനിയർ ക്ലർക്ക് തസ്തികയിലേയ്ക്ക് ഉദ്യോഗ കയറ്റം നൽകി ജീവനക്കാരെ നിയമിക്കുന്ന കാര്യാലയങ്ങൾ 2022 ലെ പൊതുസ്ഥലം മാറ്റ നടപടികൾക്കായി ഓപ്പൺ വേക്കൻസിയായി കണക്കാക്കുന്നതും പൊതു സ്ഥലം മാറ്റം അനുവദിക്കുന്നതിന്റെ ഭാഗമായി ഒഴിവ് വരുന്ന കാര്യാലയങ്ങളിലേയ്ക്ക് ഇപ്പോൾ ഉദ്യോഗ കയറ്റം നൽകി നിയമിക്കുന്ന ജീവനക്കാരെ മാറ്റി നിയമിക്കുന്നതുമാണ്.

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർക്ക് ചട്ട പ്രകാരമുള്ള ശമ്പള നിർണ്ണയത്തിനു അർഹതയുണ്ടായിരിക്കും. ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർക്ക് നിയമാനുസൃത പ്രവേശന കാലത്തിനും യാത്രാബത്തയ്ക്കും അർഹത ഉണ്ടായിരിക്കുന്നതാണ്.

ജീവനക്കാരെ ഉടൻ പ്രാബല്യത്തിൽ കാര്യാലയ മേധാവി വിടുതൽ ചെയ്യേണ്ടതും, ജീവനക്കാൻ/ജീവനക്കാരി യഥാസമയം ജോലിയിൽ പ്രവേശിക്കേണ്ടതുമാണ്. ജീവനക്കാരുടെ വിടുതൽ/പ്രവേശനം എന്നിവ സംബന്ധിച്ച റിപ്പോർട്ട് കാര്യാലയ മേധാവികൾ അയച്ചുതരേണ്ടതാണ്.

(ഒപ്പ്)
വനിത ശിശു വികസന ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ് —

1. ബന്ധപ്പെട്ട ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്ക്
2. ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർമാർക്ക്
3. ബന്ധപ്പെട്ട കാര്യാലയമേധാവികൾക്ക്
4. സൂപ്രണ്ട് ഐ റ്റി സെൽ
5. ഡയറക്ടറുടെ സി എ
6. സ്റ്റോക്ക് ഫയൽ / സ്പെയർ

ഉത്തരവിൻ പ്രകാരം

Suvial

സൂപ്രണ്ട്